**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **13-09-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങളെ വിവര സാങ്കേതിക വിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസു രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിന് വേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയും ഉള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. |

UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മന്റ്, കൺസൾട്ടേഷൻ, ലാബ് പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായി തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

കേന്ദ്ര വിവര സാങ്കേതിക വകുപ്പിന്റെ [MEITY, GoI] സാമ്പത്തിക സഹായത്തോടെ തുടക്കമിട്ട ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആദ്യഘട്ടമായി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആർദ്രം പദ്ധതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേക്കും ഘട്ടം ഘട്ടമായി ഈ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്ത് 2016 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 594 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 102 ആശുപത്രികളിൽ 57 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമ ഘട്ടത്തിലാണ്. ബാക്കി വരുന്ന 45

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിടനിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തികരണത്തിന് കാലതാമസം നേരിടുന്നു.<br><br>ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ് വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അടിസ്ഥാനത്തിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റി സ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാൽ ഉണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു കഴിഞ്ഞാലും വിവിധ വികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതാണ്. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ 12 സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ 6 സ്ഥാപങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| നം. | സ്ഥാപനത്തിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പനങ്ങാട് കുടുംബാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. കടലാസ്സ് രഹിത രീതിയിൽ പ്രവർത്തിക്കുന്നു. |
| 2 | അത്തോളി കുടുംബാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. കടലാസ്സ് രഹിത രീതിയിൽ പ്രവർത്തിക്കുന്നു. |
| 3 | ഉള്ളിയേരി സാമൂഹികാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. UHID കാർഡ് വിതരണവും O.P. രജിസ്ട്രേഷനും പുരോഗമിക്കുന്നു. |
| 4 | എരമംഗലം കുടുംബാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. UHID കാർഡ് വിതരണം പുരോഗമിക്കുന്നു. |
| 5 | കോട്ടൂർ കുടുംബാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. UHID കാർഡ് വിതരണം പുരോഗമിക്കുന്നു |
| 6 | മാങ്ങാട് കുടുംബാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. UHID കാർഡ് വിതരണം പുരോഗമിക്കുന്നു. |
| 7 | കക്കയം പ്രാഥമികാരോഗ്യകേന്ദ്രം | കക്കയം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം സമീപ ഭാവിയിൽ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിനാൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപെടുത്താൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഫണ്ട് ഉപോയോഗിച്ച ഇ-ഹെൽത്ത് UHID കാർഡ് വിതരണവും O.P. രജിസ്ട്രേഷനും നടപ്പിലാക്കൽ പുരോഗമിക്കുന്നു. |
| 8 | കായണ്ണ കുടുംബാരോഗ്യകേന്ദ്രം | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാകുന്നതിനായി കണക്റ്റിവിറ്റി അനുബന്ധ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 9 | നടുവണ്ണൂർ കുടുംബാരോഗ്യകേന്ദ്രം | നടുവണ്ണൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ വേണ്ടി UPS കേബിളിങ് പ്രവർത്തിയും NETWORKING കേബിളിങ് പ്രവർത്തിയും പൂർത്തീകരിച്ചു.എന്നാൽ ഒ.പി കെട്ടിടം ഉൾപ്പെടുന്ന കെട്ടിടഭാഗങ്ങൾ ബഹു: MLA ഫണ്ട് ഉപയോഗിച്ച പുനർനിർമാണം പുരോഗമിക്കുന്നതിനാൽ ഇ-ഹെൽത്ത് പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |

| | | |
|---|---|---|
| 10 | വയലട കുടുംബാരോഗ്യകേന്ദ്രം | 2022 –2023 സാമ്പത്തിക വർഷത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 11 | ബാലുശ്ശേരി താലൂക് ആശുപത്രി | മാസ്റ്റർ പ്ലാൻ പ്രവർത്തി നടക്കാൻ പോവുന്നതിനാൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപെടുത്താൻ സാധിച്ചിട്ടില്ല. |
| 12 | കുരാച്ചുണ്ട് സാമൂഹികാരോഗ്യകേന്ദ്രം | നിലവിലെ ഇ-ഹെൽത്ത് പദ്ധതി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല |